## സബ്മിഷൻ

### (1) ബാങ്കിംഗ് കോഴ്സുകൾക്ക് തുല്യമായ പരിഗണന

ശ്രീ. എം. പി. വിൻസെന്റ് : സർ, വളരെ ഗൗരവമേറിയ വിഷയമാണ് ഞാൻ സബ്മിഷനായി ഇവിടെ അവതരിപ്പിക്കുന്നത്. കേരള കാർഷിക സർവ്വകലാശാല നടത്തുന്ന സുപ്രധാനമായ ഒരു നാലുവർഷ കോഴ്സാണ് ബി.എസ്.സി. ഓണേഴ്സ് കോർപ്പറേഷൻ ആന്റ് ബാങ്കിംഗ്. ഈ കോഴ്സിനെ നിലവിൽ സഹകരണ പരീക്ഷാ ബോർഡ് ബി.കോം (കോ-ഓപ്പറേഷൻ), എച്ച്.ഡി.സി., ജെ.ഡി.സി.-ക്ക് ഒപ്പമാണ് പരിഗണിക്കുന്നത്. ഈ കോഴ്സുകളിൽ നിന്ന് വിഭിന്നമായി ഉന്നതനിലവാരം പുലർത്തുന്ന പാഠ്യപദ്ധതിയാണ് കാർഷിക സർവ്വകലാശാലയുടെ ബി.എസ്.സി. കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കോഴ്സിന്റെ ഒബ്ജക്ടീവ് തന്നെ മാനേജ്മെന്റ് വിദഗ്ദ്ധരെ ഗ്രാമീണ സഹകരണമേഖലയ്ക്ക് ലഭ്യമാക്കുക എന്നതാണ്. ഈ കോഴ്സിന് ഒരു യുണീക് സ്വഭാവമുണ്ടെന്നാണ് ഐ.ഐ.എം, അഹമ്മദാബാദിന് വേണ്ടി പഠനം നടത്തിയ ശ്രീ. യു. കെ. ശ്രീവാസ്തവ വിശേഷിപ്പിച്ചിട്ടുള്ളത്. ഈ കോഴ്സിനെ മാനേജ്മെന്റ് കോഴ്സായ എം.ബി.എ.-ക്ക് തുല്യമായി പരിഗണിക്കാവുന്നതാണ്. ഈ കോഴ്സ് പഠിച്ചിറങ്ങുന്നവർക്ക് ജില്ലാ പ്രാഥമിക സഹകരണസംഘങ്ങളിൽ മാനേജർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാൻ അവസരം നൽകുന്ന വിധം ഉത്തരവുണ്ടാകേണ്ടതുണ്ട്. ബി.എസ്.സി. കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് കോഴ്സ് പഠിച്ച

വരെ എം.കോം, ബി.എഡ്, സെറ്റ് ബിരുദധാരികൾക്ക് തുല്യമായി പരിഗണിക്കാവുന്നവിധം കരിക്കുലം തയ്യാറാക്കണം. ബി.ഡി.ഒ. തസ്തികയിലേയ്ക്കുള്ള അഭിലഷണീയമായ യോഗ്യതയായും ഈ കോഴ്സിനെ പരിഗണിക്കാവുന്നതാണ്. ബി.എസ്.സി. കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് കോഴ്സിന് അർഹിക്കുന്ന പരിഗണന നൽകി അപ്രകാരം യോഗ്യത ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ സഭയ്ക്കു മുമ്പിൽ സമർപ്പിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബി.എസ്.സി. അഗ്രികൾച്ചർ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെയാണ് ഇപ്പോൾ നിയമിച്ചുകൊണ്ടിരിക്കുന്നത്. ബി.എസ്.സി. ഓണേഴ്സ് കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് ബിരുദ ധാരികളെ അഗ്രികൾച്ചർ ഹോൾസെയിൽ മാർക്കറ്റിലോ കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിഭാഗത്തിലോ നിയമിക്കണം എന്നുള്ള നിർദ്ദേശമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അതിന് അഗ്രികൾച്ചർ ഓഫീസർമാരുടെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ. ഇത് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. പക്ഷേ ഇതിൽ അനുകൂലമായും പ്രതികൂലമായുമുള്ള അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് എല്ലാ വശങ്ങളും പരിശോധിച്ചശേഷം ഇത് സംബന്ധിച്ച് ഒരു തീരുമാനം എടുക്കുന്നതാണ്.

(2) സീതാറാം മിൽ നവീകരണം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, മുൻ മുഖ്യമന്ത്രി കെ. കരുണാകരനടക്കമുള്ള വിവിധ തൊഴിലാളി നേതാക്കളുടെ പ്രവർത്തനകേന്ദ്രമായിരുന്നു തൃശ്ശൂരിലെ സീതാറാം മിൽസ്. ഒരു കാലത്ത് തൃശ്ശൂരിന്റെ ഐശ്വര്യമായിരുന്ന അവിടെ നൂറുക്കണക്കിന് തൊഴിലാളികളാണ് ജോലി ചെയ്തിരുന്നത്. അവിടത്തെ തുണിത്തരങ്ങൾ ചൂടപ്പംപോലെ വിറ്റുപോയിരുന്നു. എന്നാൽ പിന്നീട് വീവിംഗും പ്രോസസ്സിംഗും ഡൈയിംഗുമൊക്കെ നിർത്തി. ഇന്ന് കേവലം 200 പേർ മാത്രം ജോലി ചെയ്യുന്ന കൊച്ചു യൂണിറ്റാണ്. ജോലിക്കാർക്കു തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ബോർഡ് ശുപാർശ ചെയ്ത ഇടക്കാലാശ്വാസംപോലും അവർക്ക് ലഭിച്ചിട്ടില്ല. പ്രസ്തുത മില്ലിന് ഇന്നും വളരെയേറെ വികസന സാദ്ധ്യതകളുണ്ട്; ഭൗതീകമായ സാഹചര്യങ്ങളുണ്ട്. അടിയന്തിരമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു കൂട്ടി സീതാറാം മില്ലിന്റെ പുനരുദ്ധാരണത്തിന് സമഗ്രമായൊരു പദ്ധതി ആവിഷ്ക്കരിക്കണമെന്ന് വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, നമ്മുടെ സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിനും വികസനത്തിനുമായി കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ 60 കോടി രൂപയുടെ ഒരു പ്രത്യേക ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. അതനുസരിച്ച് ഓരോ ടെക്സ്റ്റൈൽ മില്ലിനും പദ്ധതികൾ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ചിലത് തയ്യാറാക്കി വരികയാണ്. തൃശ്ശൂർ സീതാറാം മില്ലിനെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും പ്രയോറിറ്റിയിൽ തന്നെയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു കൂട്ടാം. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഉൾപ്പെടെ പറഞ്ഞ കാര്യങ്ങളിൽ വളരെ പോസിറ്റീവായിട്ടുള്ള ഒരു നിലപാട് എടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

(3) **സർക്കാർ ആശുപത്രികളിൽ 24 മണിക്കൂറും പോസ്റ്റുമോർട്ടം ചെയ്യാനുള്ള നിർദ്ദേശം.**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ സബ്മിഷൻ ഒരു ചർവ്വിതചർവ്വണമാണെന്ന് എനിക്കുതന്നെ അറിയാം. ഞാൻ തന്നെ മൂന്നാമത്തെ പ്രാവശ്യമാണ് ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ കൊണ്ടുവരുന്നത്. ഈ സഭയിലെ പല ആളുകളും ഇതിന് മുമ്പ് ഈ വിഷയം കൊണ്ടുവന്നിട്ടുണ്ട്. പ്രധാനപ്പെട്ട ഒരു വിഷയമായതുകൊണ്ട് അങ്ങ് ഇടപെട്ട് എന്നെ നിരുത്സാഹപ്പെടുത്തരുത് എന്നുള്ള അഭ്യർത്ഥനയുണ്ട്. നമ്മുടെ സംസ്ഥാനത്ത് അത്യാഹിതങ്ങളും അപമൃത്യുകളും വർദ്ധിച്ചുവരുന്നു. ഇങ്ങനെ മരിക്കുന്നവരുടെ മൃതദേഹങ്ങൾ സംസ്ക്കരിക്കണമെങ്കിൽ ഒട്ടേറെ കടമ്പകൾ അവരുടെ കുടുംബങ്ങൾക്കും ബന്ധുക്കൾക്കുമുണ്ട് എന്ന് നമുക്കെല്ലാവർക്കുമറിയാം. നമ്മുടെ ആശുപത്രികളിൽ വൈകുന്നേരം നാലുമണിക്കുശേഷം ഇപ്പോൾ പോസ്റ്റ്മോർട്ടം നടക്കാറില്ല. പകൽ സമയത്ത് മാത്രമേ പോസ്റ്റ്മോർട്ടം നടത്തുവാൻ പാടുള്ളൂ എന്ന ഫോറൻസിക് നിയമം കാലോചിതമായി പരിഷ്ക്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ക്രിമിനൽ നടപടിക്രമങ്ങളുടെ 174-ാം വകുപ്പിൽ പോസ്റ്റ്മോർട്ടം സംബന്ധമായ ചട്ടങ്ങൾ തീരുമാനിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് പൂർണ്ണമായ അധികാരം നൽകുന്നുണ്ട്. കേരള Medico Legal Code അതിൽ സംസ്ഥാന സർക്കാരിന്റെ 3 ഓർഡറുകളെക്കുറിച്ച് പറയുന്നുണ്ട്: അത് ജി.ഒ. നമ്പർ 1985/84, There is a reference to

routine cases of postmortem examination to be attended by medical officers other than police surgeons. മറ്റൊരു ജി.ഒ. 1185 -യിൽ പറയുന്നത്... which authorize post graduate students in the department of forensic medicine in the State to undertake medico legal work including autopsy independently. മൂന്നാമത്തെ ഓർഡറിൽ പറയുന്നത്,...... The government then further issued a circular 18023 dated 4.9.1986 instructing the District Collectors, Revenue Divisional Officers, Superintendent of Police and other such officers not to compel medical officers to undertake postmortem examination after the prescribed time limit. ഇതേ കോഡിൽ തന്നെ പറയുന്ന ഒരു പ്രധാന കാര്യം,........ However postmortem examination may be undertaken at any time in the following situations: In mass casualties where more than five persons died in one accident, a Government Order based on the decision of a special cabinet meeting with at least two Ministers of the State Government taking part in the meeting instructing the nearest Police Surgeon/Medical Officer to undertake the postmortem examination of the person died in the particular incident beyond the prescribed time limit. ഈ നിയമം നമ്മുടെ സംസ്ഥാനത്തുണ്ട്. അഞ്ചാളുകളിൽ കൂടുതൽ ഒരു അപകടത്തിൽ മരിക്കുന്നുവെങ്കിൽ അവരുടെ പോസ്റ്റ്മോർട്ടം രാത്രിയിലും നടത്താമെങ്കിൽ റോഡപകടങ്ങളിൽ മരിക്കുന്നവരുടെ പോസ്റ്റ്മോർട്ടം എന്തുകൊണ്ട് 24 മണിക്കൂർ സമയത്തിനകത്ത് നടത്തിക്കൂടാ എന്നതാണ്. ജനങ്ങളുടെ ഹൃദയത്തുടിപ്പ്

അറിയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും ഇതിന് ആശ്വാസകരമായ ഒരു ഉത്തരവ് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ മെമ്പർ ഉന്നയിച്ച ആവശ്യം ഇരുഭാഗത്തുമുള്ള ആളുകൾ ഒരുപോലെ accept ചെയ്യുന്നതാണെന്നാണ് എന്റെ വിശ്വാസം. മെമ്പർ ഇവിടെ സൂചിപ്പിച്ചത് Cr.PC 174-ാം വകുപ്പിലെ ഇൻക്വസ്റ്റ് തയ്യാറാക്കുന്നതിനെക്കുറിച്ചാണ്. ഇൻക്വസ്റ്റ് തയ്യാറാക്കിയതിനുശേഷമാണ് പോസ്റ്റുമോർട്ടം നടപടിയിലേയ്ക്ക് പോകുന്നത്. ഇവിടെ അംഗീകൃതമായിട്ടുള്ള Dr. Modi-യുടെ Medical Jurisprudence and toxicology- അതിനകത്തുള്ള നിബന്ധനകളാണ് ബാധകമാക്കിവച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ Medico Legal Code-ലെ ചില നിബന്ധനകളും ഉണ്ട്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. Medico Legal Code-ൽ പറഞ്ഞിട്ടുള്ളത് അഞ്ച് ആളുകളിൽ കൂടുതൽ മരണം ഉണ്ടാകുന്ന സമയങ്ങളിൽ ഈ നിയമത്തിൽ നിന്ന് exemption കൊടുക്കുന്നതിനുള്ള അധികാരമുണ്ട് എന്നാണ്. ആ exemption കൊടുക്കുന്നതിന് വേറൊരു കാര്യം കൂടിയുണ്ട്. Law and Order situation ഉണ്ടാകുമെന്ന് കണ്ടാൽ അപ്പോഴും exemption കൊടുക്കുവാനുള്ള അധികാരമുണ്ട്. ആ അധികാരം നിക്ഷിപ്തമായിരിക്കുന്നത് രണ്ട് ക്യാബിനറ്റ് മിനിസ്റ്റർമാരെങ്കിലും പങ്കെടുക്കുന്ന ക്യാബിനറ്റ് യോഗത്തിൽവച്ച് മാത്രമേ കൊടുക്കുവാൻ സാധിക്കുകയുള്ളൂ. ക്യാബിനറ്റ് യോഗത്തിലൂടെ മാത്രമേ exemption കൊടുക്കുവാനുള്ള

അധികാരമുള്ളൂവെന്നാണ്. നമുക്ക് വേണ്ടത് രണ്ട് ഭാഗത്തും നിൽക്കുന്ന ആളുകൾ ഒരുപോലെ ആവശ്യപ്പെടുകയും എന്നാൽ നിബന്ധനകൾ വർഷങ്ങളായി നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നമുക്ക് അതിലേയ്ക്ക് വരണമെങ്കിൽ Medico Legal Code-ൽ മാറ്റം വരുത്തേണ്ടി വരും. ഈ പൊതുവായ വികാരം മനസ്സിലാക്കി നിയമപരമായ മറ്റ് വശങ്ങളുംകൂടി പരിശോധിച്ചതിനുശേഷം മെഡിക്കോ ലീഗൽ കോഡിനകത്ത് മാറ്റം വരുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. പരിശോധിച്ചതിനുശേഷം സഭയെ അറിയിക്കുന്നതാണ്.

## സ്റ്റേ ഡ്യൂട്ടി പുന:സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ.കെ. വിജയൻ: നാദാപുരം താലൂക്ക് ആശുപത്രിയിൽ സ്റ്റേ ഡ്യൂട്ടി കഴിഞ്ഞ രണ്ട് മാസത്തിലേറെയായി നിലച്ചിരിക്കുകയാണ്. 10 ഗ്രാമ പഞ്ചായത്തുകളുള്ള ഒരു മണ്ഡലമാണത്. മലയോര മേഖലയും ആദിവാസികൾ ഏറെ താമസിക്കുന്ന മേഖലകൂടിയാണിത്. പ്രധാന കൃഷി തെങ്ങാണ്. അതുകൊണ്ടുതന്നെ തെങ്ങ് കയറ്റ തൊഴിലാളികൾ ഏറെയുള ളതാണ്. അപകടം പിടിച്ച ഈ ജോലി ചെയ്ത് നൂറിലേറെപ്പേർ നട്ടെല്ല് തകർന്ന് അവിടെ ജീവിക്കുന്നുണ്ട്. ജനസംഖ്യയിൽ പ്രായംചെന്നവർ ഏറെയുള്ള മണ്ഡലത്തിൽ സ്റ്റേ ഡ്യൂട്ടി നിറുത്തലാക്കിയത് ആ പ്രദേ ശത്തെ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടാണ് ഉണ്ടാക്കിയിട്ടുള്ളത്. മാത്രമല്ല സമീപത്തുള്ള ആശു പത്രിയിലും കുറ്റ്യാടിയിലുള്ള ആശുപത്രിയിലും സ്റ്റേ ഡ്യൂട്ടി നിലച്ചു. പിന്നീടുള്ള ആശ്രയമെന്ന് പറയുന്നത് 75 കി.മീ ദൂരെ യുള്ള കോഴിക്കോട് മെഡിക്കൽ കോളേജാണ്. അതുകൊണ്ട് ശാശ്വത മായി സ്റ്റേ ഡ്യൂട്ടി പുന:സ്ഥാപിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. എൻ.ആർ.എച്ച്.എം ഡോക്ടർമാർ വന്ന് അതിനൊരു പരിഹാരം കണ്ടെത്താനുള്ള പരിശ്രമം തുടങ്ങിയിട്ടുണ്ട്. ഫിസിഷ്യന്റെ സേവനം അവിടെയില്ല. രണ്ട് ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ പുറത്താ ണുള്ളത്. അതിനൊരു പരിഹാരം ഉണ്ടാക്കികൊണ്ട് ഇത്തരമൊരു പ്രത്യേ ക സാഹചര്യം കൂടി പരിഗണിച്ച് അവിടത്തെ ഡോക്ടർമാരുടെ ഒഴിവു കൾ നികത്തി സ്റ്റേ ഡ്യൂട്ടി പുന:സ്ഥാപിക്കണമെന്നും അതോടൊപ്പം

നേരത്തേ നിവേദനം നൽകിയ ട്രോമാകെയർ യൂണിറ്റ് കൂടി അനുവദിക്കണമെന്നും ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ അഭാവംമൂലം 2012 ഒക്ടോബർ അവസാനവാരം മുതൽ നിർത്തലാക്കിയ സ്റ്റേ ഡ്യൂട്ടി 08-12-2012 മുതൽ പുന:സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 110 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഒരു തസ്തികയും സ്പെഷ്യാലിറ്റി കേഡറിൽ 8 തസ്തികകളും ജനറൽ കേഡറിൽ 2 തസ്തികകളും ഉൾപ്പെടെ 11 ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. സ്പെഷ്യാലിറ്റി തസ്തികയിലെ ഫിസിഷ്യനെ കോഴിക്കോട് ജനറൽ ആശുപത്രിയിലേയ്ക്കും ഒരു ഗൈനക്കോളജിസ്റ്റിനെ പേരാമ്പ്ര സാമൂഹിക ആരോഗ്യകേന്ദ്രത്തിലേയ്ക്കും പുനർവിന്യസിച്ചിട്ടുണ്ട്. ജനറൽ കേഡറിലുള്ള അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഡോക്ടർ പ്രസവ അവധിയിൽ പ്രവേശിച്ചിരിക്കുകയാണ്. ഒഴിവുള്ള സർജൻ, അനസ്ത്യേഷ്യ, ഡെർമെറ്റോളജി തുടങ്ങിയ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ എൻ. ആർ.എച്ച്.എം മുഖേന മൂന്ന് ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ, ജൂനിയർ കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്ന് നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സർവ്വീസിലുള്ള

Uncorrected / Not for publication

ഡോക്ടർമാരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് സീനിയോറിറ്റി പ്രകാരം നിയമനം നടത്തി ജൂനിയർ കൺസൾട്ടന്റ് ഒഴിവുകൾ നികത്തുന്നതാണ്. എല്ലാ താലൂക്ക് ആശുപത്രികളിലും ട്രോമാകെയർ യൂണിറ്റ് കൊണ്ടുവരുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചനയിലാണ്, മറ്റ് പല തടസ്സങ്ങളുമുണ്ട്. വളരെ പെട്ടെന്നുതന്നെ ഇക്കാര്യത്തെക്കുറിച്ച് ആലോചന നടത്തുന്നതാണ്.

**സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

ശ്രീമതി ജമീലാ പ്രകാശം: സർ, കോവളം നിയോജക മണ്ഡലത്തിലെ തീരപ്രദേശമായ പുല്ലുവിളയിൽ കോളറ ബാധിതർ ഉണ്ടായിരിക്കുന്നതായി ഒക്ടോബർ മാസത്തിലെ പത്രങ്ങളിൽ ധാരാളം റിപ്പോർട്ടുകൾ വരികയും ആയത് നിയന്ത്രിക്കുന്നതിനായി ആക്ഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 18 മാസത്തിനുള്ളിൽ മലമ്പനി, ഡെങ്കിപ്പനി, കോളറ, ടൈഫോയിഡ് തുടങ്ങിയ ജലജന്യ സാംക്രമികരോഗങ്ങൾ ഈ തീരദേശ ജനതയെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. പുല്ലുവിള ഉൾപ്പെടുന്ന കരിങ്കുളം പഞ്ചായത്തിനെ ഏഷ്യയിലെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലൊന്നായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തികച്ചും ദരിദ്രരും വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളാണ് പ്രധാനമായും തിങ്ങിപ്പാർക്കുന്നത്. ശുദ്ധജലത്തിന്റെ രൂക്ഷമായ അപര്യാപ്തത കൂടാതെ മനുഷ്യവിസർജ്ജ്യ വസ്തുക്കളും പാചകം, തുണിഅലക്ക്, കുളി തുടങ്ങിയ സമയങ്ങളിൽ പുറംതള്ളുന്ന മലിനജലം ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിക്കാനുള്ള സംവിധാനങ്ങളില്ലാത്തതും അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പാർപ്പിടങ്ങളും കാരണം ഈ പ്രദേശത്ത് ജലജന്യ രോഗങ്ങൾ മാരകമായി പടർന്നുപിടിക്കാൻ കാരണമായിരിക്കുന്നു. കരിങ്കുളം പഞ്ചായത്തിലെ തീരപ്രദേശത്ത് സ്ഥലസൗകര്യമില്ലാതെ പണിതിരിക്കുന്ന വീടുകളോട് അനുബന്ധിച്ച് 1800 -ൽപ്പരം കക്കൂസുകൾ നിർമ്മിക്കുന്ന പദ്ധതി ശുചിത്വ

മിഷന്റെ മേൽനോട്ടത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. കഷ്ടിച്ച് മൂന്നടി താഴ്ചയുള്ള കുഴികളിലേയ്ക്കാണ് കക്കൂസ് മാലിന്യങ്ങൾ നിക്ഷേപിക്കുവാനായി ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ചെറിയ വീടുകൾ പോലും നിർമ്മിക്കുവാൻ സ്ഥലം ഇല്ലാത്ത ഈ പ്രദേശത്ത് അത്തരം വീടുകൾക്കിടയിലായി 1800-ൽപ്പരം കക്കൂസുകൾ; ഇതിൽ 200-ൽപ്പരം ബയോടെക്നോളജി ഉപയോഗിച്ചിട്ടുള്ള പൊതു കക്കൂസുകളാണ്. ഇവയെല്ലാം കൂടി പണിത് നിത്യേന ഉപയോഗിക്കുവാൻ തുടങ്ങിയാലുള്ള പാരിസ്ഥിതിക പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയുടെയും ശ്രദ്ധയിൽ കത്തിടപാട് മുഖേന ഞാൻ കൊണ്ടുവന്നിട്ടുള്ളതാണ്. മാരകമായ രോഗാണുക്കൾ കടപ്പുറത്ത് ഇളകി കിടക്കുന്ന മണ്ണിലൂടെ മൂന്നടി താഴ്ചയുള്ള കക്കൂസിനകത്ത് നിന്ന് ചുറ്റുപാടും വ്യാപിക്കുവാൻ അധികസമയം വേണ്ടായെന്നുള്ളത് എടുത്തുപറയേണ്ട കാര്യമില്ല. (1800-പ്പരം കക്കൂസുകൾ അടുത്തടുത്തായി തേനീച്ചകൂടുകളുടെ അറപോലെ  ഉപയോഗിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ) കൂടാതെ കുളിമുറി, അടുക്കള, തുണിനനയ്ക്കൽ തുടങ്ങിവയിൽ നിന്നുള്ള മലിനജലം തുറസ്സായ സ്ഥലത്തുകൂടി ഇവിടെ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ചുരുക്കത്തിൽ ഈ തീരദേശത്തുള്ള ഭൂമിയാകെ സൂക്ഷ്മാണുക്കളെക്കൊണ്ട് നിറയുവാൻ ഈ കക്കൂസുകളുടെ നിർമ്മാണം വഴിയൊരുക്കും. ഈ സാഹചര്യത്തിൽ എനിക്ക് സമർപ്പിക്കുവാനുള്ളത് ജനബാഹുല്യം കൂടിയ നഗരങ്ങളിലെന്നപോലെ തീരപ്രദേശത്തെ പ്രത്യേ

Uncorrected / Not for publication

കമായി കണക്കിലെടുത്തുകൊണ്ട് മൂന്നിടങ്ങളിലെങ്കിലും ആധുനിക രീതിയിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാൻ അടിയന്തരമായി നടപടി എടുക്കണം. ഈ ജോലി പഞ്ചായത്തുകളെ ഏൽപ്പിക്കാം എന്നൊരു പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. അവരെ ഏൽപ്പിക്കാതെ തീരദേശ വികസന കോർപ്പറേഷനെത്തന്നെ അടിയന്തരമായി ഈ നടപടിയെടുക്കുവാൻ ഏല്പിക്കണം. ഈ ഭാഗത്തുള്ള വീടുകളിലെ കക്കൂസുകളും പൊതു കക്കൂസുകളും സർക്കാർ ചെലവിൽ ഡ്രെയിനേജ് പൈപ്പുകൾ സ്ഥാപിച്ച് ഈ സ്വീവേജ് സിസ്റ്റവുമായി യോജിപ്പിക്കണം. കക്കൂസ് മാലിന്യം ശാസ്ത്രീയമായി ട്രീറ്റ് ചെയ്തതിനുശേഷം മലിനമുക്തമാകുന്ന ജലം പമ്പ് ചെയ്ത് കടലിലേയ്ക്ക് കളയാനായി ഒരു സംവിധാനം ഉണ്ടാക്കണം. ഈ പറഞ്ഞ രീതിയിലുള്ള കക്കൂസ് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുവാൻ കഴിഞ്ഞാൽ ഈ പ്രദേശത്തെ ജലജന്യരോഗ ബാധയ്ക്ക് ശാശ്വതമായ പരിഹാരം ഉണ്ടാകും. ഇപ്പോൾ നടപ്പിലാക്കുന്ന ശുചിത്വമിഷന്റെ പദ്ധതി അടിയന്തരമായി നിർത്തിവച്ചുകൊണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് ഡിസ്പോസൽ സിസ്റ്റം സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ഏൽപ്പിക്കുവാനുള്ള അടിയന്തരമായ നടപടി പഞ്ചായത്ത് വകുപ്പുമന്ത്രി മാത്രമല്ല ആരോഗ്യവകുപ്പ് മന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും മറ്റും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തി അതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണമെന്ന് ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, 19 ഗ്രാമപഞ്ചായത്തുകളെയാണ് നിർമ്മൽ പുരസ്കാരവുമായി ബന്ധപ്പെട്ട് തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നുവെന്ന കാരണത്താൽ നിർമ്മൽ ഗ്രാമങ്ങളാക്കി മാറ്റാൻ കഴിയാത്തത്. കരിങ്കുളം പഞ്ചായത്ത് അതിൽപ്പെടുന്നതാണ്. അതിന്റെ ഊർജ്ജിത പ്രവർത്തനങ്ങൾ നടന്നുവരുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കൾ ഗാർഹിക കക്കൂസുകൾ പണിതുവരുന്നു. ഗാർഹിക കക്കൂസ് പണിയുന്നതിൽ അംഗീകൃത സാങ്കേതിക രീതിയായി ഇരട്ടക്കുഴി കക്കൂസ് മാതൃകയിലാണ് കക്കൂസുകൾ പണിതുവരുന്നത്. ഒരു കുഴി ആദ്യം ഉണ്ടാക്കുകയും തുടർന്ന് രണ്ടാമത് ഒരു കുഴി കൂടി എടുക്കുകയും ഒന്നാംകുഴിയിൽ കക്കൂസ് മാലിന്യം നിറയുമ്പോൾ രണ്ടാംകുഴി ഉപയോഗിക്കുകയും പിന്നീട് ഈ കുഴികൾ മാറിമാറി ഉപയോഗിക്കുകയും ചെയ്യുന്ന രീതിയാണിത്. ആയതിനാൽ സെപ്റ്റേജ് വലിയ വിപത്തായി മാറാൻ സാദ്ധ്യതയില്ല. ഇരട്ടക്കുഴികളുടെ ആഴം കൂടുകയാണെങ്കിൽ കിണർവെള്ളം മലിനമാകാൻ സാദ്ധ്യതയുള്ളതിനാലാണ് ആഴം കുറഞ്ഞ കുഴികളുടെ ഡിസൈൻ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. തീരദേശ പഞ്ചായത്തായ കരിങ്കുളത്തെ കുടിവെള്ള സ്രോതസ് പ്രധാനമായും പൈപ്പ് ജലമാണ്. ഇവിടെ പറഞ്ഞതുപോലെ ശുദ്ധജലത്തിൽ മാലിന്യമുണ്ടെന്നുള്ളത് കേരളത്തിലെ പൊതുവായ ഒരു പ്രശ്നം കൂടിയാണ്. 80 ശതമാനത്തോളം കിണറുകൾ പരിശോധിച്ചാൽ കക്കൂസ് കുഴികളും കിണറുകളും ഒരുമിച്ചുവരുമെന്നുള്ള

തുകൊണ്ട് ക്വാളിഫോം ബാക്ടീരിയയുടെ അളവ് കണക്കിൽ കൂടുതലാണെന്ന് കാണാൻ കഴിയും. തിരുവനന്തപുരം മുട്ടത്തറയിൽ 107 എം.എൽ.ഡി. ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇതിനകം സജ്ജീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ 60 ശതമാനം ശേഷി മാത്രമാണ് നിലവിൽ ഉപയോഗപ്പെടുത്തുന്നത്. ജില്ലയിൽ ഗാർഹിക സെപ്റ്റേജ് സംസ്കരിക്കുന്നതിന് പ്രശ്നമുള്ള സ്ഥലങ്ങളിൽനിന്നും സെപ്റ്റേജ് സുരക്ഷിതമായി ട്രാൻസ്പോർട്ട് ചെയ്ത് മുട്ടത്തറ ട്രീറ്റ്മെന്റ് പ്ലാന്റിൽ സംസ്ക്കരിക്കുന്ന രീതിയാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ കരിങ്കുളത്ത് സെപ്റ്റേജ് മാലിന്യ സംസ്ക്കരണപ്രശ്നം ഉണ്ടാവുകയാണെങ്കിൽ അത്തരം അവസരത്തിൽ മാലിന്യം സുരക്ഷിതമായി ശേഖരിച്ച് ട്രാൻസ്പോർട്ട് ചെയ്ത് മുട്ടത്തറ പ്ലാന്റിൽ സംസ്ക്കരിക്കാവുന്നതാണ്. കരിങ്കുളം ഏറെ ജനസാന്ദ്രതയുള്ള ഗ്രാമപഞ്ചായത്താണ്. പഞ്ചായത്തിനുള്ളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പൊതുസ്ഥലം ലഭ്യമാകുകയെന്നത് പ്രായോഗികമല്ല. അവിടെ പൊതുസ്ഥലം കണ്ടുപിടിച്ചാൽക്കൂടി സ്വീവറേജ് ഓരോ വീട്ടിൽനിന്നും കൊണ്ടുപോകുന്നതിനുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതും  അനുബന്ധ പശ്ചാത്തലസൗകര്യങ്ങൾ സൃഷ്ടിക്കുന്നതും പ്രായോഗികമാവുമെന്ന് തോന്നുന്നില്ല. എന്നാലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് കരിങ്കുളത്ത് സ്ഥലം കണ്ടെത്തിയാൽ പ്ലാന്റിന്റെ ഫീസിബിലിറ്റി  പഠനവിധേയമാക്കുന്നതിനും ഉചിതമായ തീരുമാനമെടുക്കുന്നതിനും ഗവൺമെന്റ് തയ്യാറാണ്. കേരളത്തിലെ

ഒരു പൊതുവായ, പ്രത്യേകിച്ച് തീരദേശത്തുള്ള പ്രശ്നമാണ് ഈ വിഷയം. യഥാർത്ഥത്തിൽ സെപ്റ്റിക് ടാങ്ക് ഉപയോഗിക്കുകയെന്നുള്ളതാണ് നമുക്ക് പ്രധാനമായും ചെയ്യാൻ കഴിയുന്നത്. തീരദേശത്താവുമ്പോൾ സെപ്റ്റിക് ടാങ്കുകൾ ഉയരത്തിൽ  പണിത് ഉപയോഗപ്പെടുത്തുന്നതായിരിക്കും കൂടുതൽ ഗുണകരമാകുന്നത്. മാത്രമല്ല, മലേഷ്യൻ രീതി അനുസരിച്ച് ഒരു പരിശോധന നടത്തിയപ്പോൾ കേരളത്തിന് അനുകൂലമായ രീതിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നടപ്പിലാക്കാൻ സാധിച്ചാൽ കൂടുതൽ ഗുണകരമാകുമെന്ന് മനസ്സിലാകുന്നു. ഓരോ വിഷയത്തിലും എതിർപ്പുകൾ ഉണ്ടാകുന്നു. തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തുന്നതിനെതിരെ  ഒരു വിഭാഗം നിൽക്കുമ്പോൾ കക്കൂസുകൾ പണിയുന്നതിനെതിരെ മറുവിഭാഗവും നിൽക്കുന്നു. ഇതിനിടയിലാണ് ഗവൺമെന്റ് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്നത്. ബഹുമാന്യയായ എം.എൽ.എ. ഈ കാര്യത്തിൽ മുന്നോട്ട് വന്നതിൽ സന്തോഷമുണ്ട്. മുഖ്യമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും പഞ്ചായത്ത് വകുപ്പുമന്ത്രിയെന്നുള്ള നിലയ്ക്ക് ഞാനും ഒരുമിച്ച് യോഗം കൂടി ശാശ്വതമായി ഏതുരീതിയിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യാനുള്ള തുറന്ന സമീപനമാണ് ഗവൺമെന്റിനുള്ളതെന്ന് അറിയിക്കുന്നു.

Uncorrected / Not for publication

**ചെമ്പൈ മ്യൂസിക് ഹാൾ**

ശ്രീ. എ. കെ. ബാലൻ : സർ, എന്റെ മണ്ഡലത്തിൽ കോട്ടായി പഞ്ചായത്തിൽ ചെമ്പൈ ഗ്രാമത്തിലെ ചെമ്പൈ സ്മാരക മ്യൂസിക് ഹാൾ നിർമ്മാണം ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. 46,48,447 രൂപയുടെ ഭരണാനുമതിയുള്ള നിർമ്മാണത്തിന് പാലക്കാട് ജില്ലാടൂറിസം പ്രൊമോഷൻ കൗൺസിലാണ് മേൽനോട്ടം വഹിക്കുന്നത്. സിഡ്കോയെ ആദ്യം നിർമ്മാണച്ചുമതല ഏൽപ്പിച്ചിരുന്നുവെങ്കിലും അവർ ഈ പണി ഏറ്റെടുക്കാൻ തയ്യാറാകാത്തതിനെ തുടർന്ന് കോസ്റ്റ്ഫോർഡിനെ ഏൽപ്പിച്ചു. അവർ ഫ്ളോറിംഗ്, ഡ്രെയിനേജ്, ഇലക്ട്രിക്കൽ പണികൾ ഒഴികെയുള്ള പ്രവൃത്തികൾ ഈ വർഷം മാർച്ചിൽ തന്നെ പൂർത്തിയാക്കും. ബാക്കി പണികൾ പൂർത്തിയാക്കുന്നതിന് 18 ലക്ഷം രൂപ കൂടി കോസ്റ്റ്ഫോർഡ് ആവശ്യപ്പെടുന്നു. നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ജി.ടി.പി.സി., ടൂറിസം വകുപ്പുകൾ കാട്ടിയ അനാസ്ഥയാണ് നിർമ്മാണം മുടങ്ങാൻ കാരണം. ലോകമറിയുന്ന ഒരു സംഗീതജ്ഞന്റെ നാമധേയത്തിലുള്ള ഈ സ്മാരക ഹാൾ നിർമ്മാണം അനന്തമായി നീണ്ടുപോകുന്നത് നമുക്ക് അപമാനകരമാണ്. കഴിഞ്ഞ ഫെബ്രുവരിയിൽ ചെമ്പൈ സംഗീതോത്സവത്തോടനുബന്ധിച്ച് ഹാൾ ഉദ്ഘാടനം ചെയ്യേണ്ടതായിരുന്നു. വരുംവർഷത്തെ സംഗീതോത്സവത്തോടനുബന്ധിച്ച് ഹാൾ ഉദ്ഘാടനം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യം അറിയാവുന്നതാണ്.

വളരെ പോസിറ്റീവായി സമീപിക്കുമെന്ന വിശ്വാസത്തിലാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) : സർ, കോട്ടായി പഞ്ചായത്തിൽ ചെമ്പൈ ഗ്രാമത്തിലെ ചെമ്പൈ സ്മാരക മ്യൂസിക് ഹാൾ നിർമ്മാണത്തിനായി 2010-ൽ 46,58,447 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി പാലക്കാട് ജില്ലാടൂറിസം പ്രൊമോഷൻ കൗൺസിലിനെയാണ് ഏൽപ്പിച്ചിരുന്നത്. ഏതാണ്ട് 37,26,757 രൂപ അനുവദിച്ച് നൽകുകയും ചെയ്തു. സിഡ്കോ യഥാസമയം പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാതിരുന്നതിനാൽ കോസ്റ്റ്ഫോർഡിനെ ഏൽപ്പിക്കുകയും ചെയ്തു. ലേബർ കോസ്റ്റ് ക്രമാതീതമായി വർദ്ധിച്ചതിനാൽ കോസ്റ്റ്ഫോർഡിന് ഫ്ളോർ ടൈലിംഗ്, ഡ്രെയിനേജ്, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പണികൾ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. കോസ്റ്റ്ഫോർഡ് ഒഴിവാക്കിയ സിറാമിക് ടൈൽസ് ഉപയോഗിച്ചുള്ള ഫ്ളോറിംഗ്, ഡ്രെയിനേജുമായി ബന്ധപ്പെട്ട ജോലികൾ, ഇലക്ട്രിഫിക്കേഷൻ, ജനറേറ്റർ പർച്ചേസ് എന്നിവ ഉൾപ്പെടുത്തി പാലക്കാട് ജില്ലാ കളക്ടർ ഏതാണ്ട് 18,10,000 രൂപയുടെ പുതിക്കിയ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. ആ എസ്റ്റിമേറ്റിന് ഭരണാനുമതി ഉടൻ തന്നെ നൽകുന്നതാണ്. അത് നൽകിയാൽ എത്രയും പെട്ടെന്ന് അടുത്ത വർഷത്തോടുകൂടി ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പണി പൂർത്തീകരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

**അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം**

ശ്രീമതി പി. അയിഷാ പോറ്റി : സർ, നമ്മുടെ സംസ്ഥാനത്തിലെ അംഗൻവാടി ജീവനക്കാരുടെ പ്രശ്നത്തിലേയ്ക്കാണ് ഈ സബ്മിഷനിലൂടെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും സമൂഹത്തിൽ ഏറ്റവും കൂടുതൽ സാമൂഹ്യസേവന മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. കുട്ടികളുടെ പരിപാലനത്തോടും അവരെ പഠിപ്പിക്കുന്നതോടുമൊപ്പം സാമൂഹ്യപുരോഗതിക്ക് ഉപയുക്തമാക്കുന്ന പല സേവനങ്ങളും സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിർദ്ദേശിക്കുന്നതനുസരിച്ച് സമൂഹത്തിൽ ഏറ്റവും ഇടപെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരാണവർ. പക്ഷേ, അതിനനുസൃതമായിട്ടുള്ള ശമ്പളം നൽകുന്നില്ലെന്നുള്ള പരിതാപകരമായിട്ടുള്ള അവസ്ഥയാണിപ്പോഴുള്ളത്. ഈ അടുത്തിടെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിൽ പ്രീ-പ്രൈമറി അദ്ധ്യാപകരെ സംബന്ധിച്ച് വന്നിട്ടുള്ള പരാമർശം കൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഏറ്റവും ചുരുങ്ങിയത് പതിനായിരം രൂപയെങ്കിലും ഈ അദ്ധ്യാപകർക്ക് കൊടുക്കണമെന്ന് ബഹു. സുപ്രീം കോടതി വരെ പരാമർശിച്ചിട്ടുണ്ട്. ഈ സ്ഥിതിക്ക് ഇതിനെക്കാൾ കൂടുതൽ ജോലി ചെയ്യുന്ന അംഗൻവാടി ജീവനക്കാരുടെ മിനിമം വേതനം പതിനായിരം രൂപ മാസം കിട്ടത്തക്ക രീതിയിലുള്ള വിഹിതം സർക്കാർ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കണം. അതുപോലെ ഈ വിഭാഗ

ത്തിന് വർദ്ധിപ്പിച്ച 450 രൂപ ഏപ്രിൽ മുതൽ ജൂലൈ വരെ കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുകയും അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കുകയും മാന്യമായ, നിലവാരം പുലർത്തുന്ന ഒരു യൂണിഫോം അവർക്ക് തീർച്ചപ്പെടുത്തിക്കൊടുക്കുന്നതിനുമുള്ള നടപടി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്. പദ്ധതിയിൻകീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സന്നദ്ധ പ്രവർത്തകരാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും. കേന്ദ്ര സർക്കാർ നിശ്ചയിച്ച നിരക്കിൽ ഓണറേറിയം കൈപ്പറ്റുന്ന ഇത്തരം ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കാൻ ഇപ്പോൾ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്ന കാര്യം മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയതുസംബന്ധിച്ച് ഇപ്പോഴുള്ള പരിമിതി അറിയിക്കുകയാണ്. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 550 രൂപയിൽ നിന്നും 1000 രൂപയാക്കി 2011 ആഗസ്റ്റ് മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. അതിൽ വന്നിട്ടുള്ള ചെറിയ ഒരു ഗ്യാപ്പ് ഫിൽ ചെയ്തുകൊടുത്ത് ആ കാലഘട്ടത്തിലെ കുടിശ്ശിക കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തുവരികയാണ്. അത് എത്രയും പെട്ടെന്ന് കൊടുക്കുന്നതിനുള്ള തീരുമാനമെടുക്കും. ഇക്കാര്യം ധനകാര്യവകുപ്പുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കൂടാതെ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഓണറേറിയത്തിന്റെ കേന്ദ്രവിഹിതത്തിൽ അംഗൻവാടി വർക്കർമാർക്ക് 1500 രൂപയും ഹെൽപ്പർമാർക്ക് 750 രൂപയും പ്രതിമാസ വർദ്ധനവ് 1-4-2011-മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. അംഗൻവാടി പ്രവർത്തകർക്ക് നിലവിൽ നൽകിവരുന്ന ഓണറേ

റിയത്തിന്റെ വിശദാംശങ്ങൾ, നോൺമെട്രിക്കുലേറ്റായിട്ടുള്ളവർക്ക് സംസ്ഥാന വിഹിതം 1000, കേന്ദ്രവിഹിതം 2938, നോൺമെട്രിക് അഞ്ച് വർഷത്തിനുമേൽ സർവ്വീസുള്ളവർക്ക് 1000, കേന്ദ്രവിഹിതം 2969, നോൺമെട്രിക്കുലേറ്റ് പത്ത് വർഷത്തിനുമേൽ സർവ്വീസുള്ളവർക്ക് 1000, 3000 മെട്രിക്കുലേറ്റ് 1000–3000, മെട്രിക്കുലേറ്റ് അഞ്ച് വർഷത്തിനുമേൽ സർവ്വീസുള്ളവർക്ക് 1000, 3031 മെട്രിക്കുലേറ്റ് പത്ത് വർഷത്തിന് മേൽ സർവ്വീസുള്ളവർക്ക് 1000, 3063 പ്രീപ്രൈമറി ടീച്ചേഴ്സിന്റെ നിലവാരത്തിലേക്ക് ഉയർത്തുക എന്നുള്ളത് ഘട്ടംഘട്ടമായി മാത്രമേ ചെയ്യാൻ സാധിക്കുകുയുള്ളൂ എന്നുള്ളതുകൊണ്ട് പത്ത് ശതമാനം അംഗൻവാടി വർക്കർമാരെ പ്രീ പ്രൈമറി ടീച്ചർമാരായി പരിവർത്തിപ്പിച്ച് അംഗൻവാടികളെ പ്രീപ്രൈമറി നിലവാരത്തിലേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ പൂർത്തിയായി വരികയാണ്. അതിനായി വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടത്തിവരുന്നു. യോഗ്യതയുള്ള പത്ത് ശതമാനം അംഗൻവാടി വർക്കർമാരെ പ്രീപ്രൈമറി ടീച്ചർമാരുടെ നിലവാരത്തിലേക്ക് ഉയർത്തും. അങ്ങനെ ഓരോ ഘട്ടത്തിലൂടെ അവരെ പൂർണ്ണമായും പ്രീപ്രൈമറി സ്കൂളിന്റെ നിലവാരത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികളുടെ തുടക്കമായിരിക്കുന്നുവെന്ന് അറിയിക്കുകയാണ്. ഇവരുടെ ഓണറേറിയം അൽപ്പം കൂടി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഫിനാൻസ് വകുപ്പുമായി ആലോചിച്ചശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഏതാ

യാലും സംസ്ഥാന സർക്കാർ അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് ഒരു ക്ഷേമനിധി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പക്ഷേ ഇപ്പോൾ ആ ക്ഷേമനിധി ഫണ്ടിന് സി.ഇ.ഒ. മാത്രമേയുള്ളൂ. അത് കൂടുതൽ കാര്യ ക്ഷമമാക്കുന്നതിനുവേണ്ടി വിവിധ സംഘടനയിലെ പതിനൊന്ന് അംഗ ങ്ങളെ വച്ചുകൊണ്ട് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിപോലെ അതിനെ മാറ്റുക യാണ്. അതുകഴിഞ്ഞ് ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കി ഈ ക്ഷേമനി ധിയെ മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ അതിന്റെ കൂടെത്തന്നെ നട ത്തും. അതിന് സമയമെടുക്കും എന്നുള്ളതുകൊണ്ടാണ് എല്ലാ പ്രതിനിധി കളും പങ്കെടുക്കുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ആദ്യം തീരുമാന ങ്ങൾ എടുക്കുന്നതിനുവേണ്ടിയുള്ള ഒരു നിലപാട് സ്വീകരിച്ചത്. ഇതുസം ബന്ധിച്ച ഫയൽ ഒപ്പുവച്ചു. ഇനി വളരെ കുറച്ചുപേർക്ക് മാത്രമേ പെൻഷൻ കൊടുക്കാൻ ബാക്കിയുള്ളൂ. ഇതുസംന്ധിച്ചുള്ള വിശദാംശം ആർക്കെങ്കിലും അറിയണമെന്നുണ്ടെങ്കിൽ ഞങ്ങളുടെ വെബ്സൈറ്റിൽ ക്ഷേമനിധി എന്നുപറയുന്ന ഭാഗമെടുത്ത് പരിശോധിച്ചാൽ ഇതിൽ ഇനി എത്രപേർക്ക് പെൻഷൻ ലഭിക്കാനുണ്ട് എന്നുള്ളത് അറിയാൻ സാധിക്കും. യൂണിഫോമിനെ സംബന്ധിച്ചുള്ള കാര്യം ഞാൻ ഗൗരവമായി ആലോചി ച്ചു. ഒരു കല്യാണത്തിന് പോകണമെന്നുണ്ടെങ്കിലും അവർക്ക് ഒരേ കളറിലുള്ള സാരി ഉടുത്തുകൊണ്ട് പോകേണ്ട ഒരു അവസ്ഥയുണ്ട്. അതുകൊണ്ട് അവർക്ക് ഒരു ഓവർകോട്ട് ഡിസൈൻ ചെയ്യുകയാണ്. അവർക്ക് സാരിയോ ചുരീദാറോ എന്തുവേണമെങ്കിലും ധരിക്കാം. പക്ഷേ

അവർക്ക് ജോലി ചെയ്യുന്ന സമയത്ത് ഉപയോഗിക്കാൻ സാധിക്കുന്ന ഒരു ഓവർകോട്ട് ഡിസൈൻ ചെയ്യുന്നതിനെക്കുറിച്ച് ഇന്നലെ സോഷ്യൽജസ്റ്റിസ് ഡിപ്പാർട്ടുമെന്റിലെ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏതാനും ആഴ്ചകൾക്കുള്ളിൽ ആ ഡിസൈൻ വന്നുകഴിഞ്ഞാൽ ഇപ്പോഴുള്ള അവരുടെ യൂണിഫോമിൽ മാറ്റം വരുത്തുന്നതാണ്.

## സ്വീവേജ് സംവിധാനം

ശ്രീ. കെ. മുരളീധരൻ: സർ, മെട്രോ നഗരമായി മാറിക്കൊണ്ടിരിക്കുന്ന തലസ്ഥാന നഗരിയിൽ രാജഭരണത്തോളം പഴക്കമുള്ള സ്വീവേജ് സംവിധാനമാണ് ഇന്ന് നിലവിലുള്ളത്. പതിറ്റാണ്ടുകൾക്ക് മുമ്പ് സ്ഥാപിച്ച ചെറിയ പൈപ്പ് ലൈനുകൾ നിലവിലെ ലോഡ് താങ്ങുന്നതിന് അപര്യാപ്തമായിരിക്കുന്നു. പല സ്ഥലത്തും മാലിന്യങ്ങൾ പൊട്ടി ഒഴുകുകയാണ്. ഇഷ്ടിക കൊണ്ട് നിർമ്മിച്ച പഴയ മാൻഹോളുകൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നു. മെയിൻ ലൈനുമായി കണക്ട് ചെയ്യാൻ സാധിക്കാത്തതിനാൽ പല സ്ഥലത്തും തോടുകളിലേക്കും മറ്റും സ്വീവേജ് തുറന്നുവിട്ടിരിക്കുകയാണ്. ഇപ്രകാരം തുറന്നുവിട്ടിരിക്കുന്ന ഈ സ്വീവേജ് മാലിന്യങ്ങൾകൊണ്ട് തിരുവനന്തപുരം നഗരത്തിൽ ഗുരുതരമായ ആരോഗ്യ ഭീഷണി നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. നഗരത്തിലെ ജനാധിവാസത്തിന്റെ വർദ്ധനവിന് ആനുപാതികമായി സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനം ആധുനികവൽക്കരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൂട്ടാൻവിള പ്രദേശത്ത് ഇ-ബ്ലോക്കിന്റെ ഭാഗമായി സ്വീവേജ് പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ട് ഏതാണ്ട് ഇരുപത് വർഷത്തോളമായി. എന്നാൽ ഈ ലൈനുകൾ ഇതുവരെയും ജഗതിയിലെ മെയിൻ ലൈനു

മായി കണക്ട് ചെയ്യാത്തതിനാൽ പദ്ധതി ഇതുവരെ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. കോടികൾ മുടക്കി കുഴിച്ചിട്ട പൈപ്പുകൾ വെറുതെ കിടക്കുകയാണ്. ഇവിടെയുള്ള ഇ- ബ്ലോക്കിന്റെ പണി പൂർത്തിയാക്കുകയാണെങ്കിൽ ലക്ഷക്കണക്കിന് ജനങ്ങൾക്ക് പ്രയോജനം ലഭിക്കും. പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി 60 കോടിയിൽപ്പരം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ വിലയേറിയ ശ്രദ്ധ ക്ഷണിക്കുകയാണ്. അതോടൊപ്പം ഈ അവസരത്തിൽ തലസ്ഥാന നഗരിയിലെ സ്വീവേജ് വിഭാഗത്തിൽ നിലനിൽക്കുന്ന അഴിമതിയുടെ അതീവ ഗുരുരതരമായ സ്ഥിതിവിശേഷം കൂടി ഞാൻ എടുത്തുപറയുകയാണ്. പാറ്റൂർ സ്വീവേജ് സബ്ഡിവഷനിലെ ഒരു ഉന്നത ഉദ്യോഗസ്ഥനെക്കുറിച്ച് നിരവധി അഴിമതി ആരോപണങ്ങൾ ദിവസേന എല്ലാ പത്രങ്ങളിലും വന്നുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിനെതിരെ കോർപ്പറേഷനിലെ ഡെപ്യൂട്ടി മേയർ പോലും പരാതി എഴുതി നൽകിയിട്ടുണ്ട്. ഫ്ളാറ്റുകൾക്ക് അനധികൃതമായി കണക്ഷൻ നൽകി ലക്ഷങ്ങൾ കൈക്കൂലി വാങ്ങുന്നതായിട്ടാണ് ആക്ഷേപം ഉണ്ടായിട്ടുള്ളത്. അതോടൊപ്പം സാധാരണക്കാർ സമീപിക്കുമ്പോൾ ഓരോ തടസ്സങ്ങൾ പറഞ്ഞ് അവരെ നെട്ടോട്ടം ഓടിക്കുകയാണ്. പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനോ മെയിന്റനൻസ് വർക്കുകൾ യഥാസമയം നടത്തുന്നതിനോ ഇവർക്ക് താൽപര്യമില്ല. സംസ്ഥാന സർക്കാരിനുതന്നെ നാണക്കേടുണ്ടാക്കുന്ന ഗുരുതരമായ അവസ്ഥാ

വിശേഷമാണ് ഇവിടെയുള്ളത്. അതോടൊപ്പം വാട്ടർ അതോറിറ്റിയിലെ പല ഉന്നത ഉദ്യോഗസ്ഥർപോലും ഈ ഉദ്യോഗസ്ഥന്റെ അഹങ്കാരത്തിനും അഴിമതിക്കും നിസ്സഹകരണത്തിനും മുമ്പിൽ വളരെയധികം പ്രയാസമനുഭവിക്കുകയാണ്. അടിയന്തരമായി കർശന നടപടികൾ സ്വീകരിച്ച് ഇത്തരം സാമൂഹികവിരുദ്ധരെ നിയന്ത്രിച്ചില്ലെങ്കിൽ ജനപ്രതിനിധി ഉൾപ്പെടെയുള്ളവർ പരസ്യമായി സമരരംഗത്ത് ഇറങ്ങേണ്ടിവരും എന്നുള്ള ഒരു യാഥാർത്ഥ്യം കൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ വിഷയത്തിൽ പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ അടിയന്തരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒന്ന്, തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് സംവിധാനം കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് ഒരു പ്രത്യേക സമഗ്ര പദ്ധതി തയ്യാറാക്കണം. കൂട്ടാൻവിള പ്രദേശത്തെ ഇ-ബ്ലോക്ക് അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി നൽകുകയും ആവശ്യമായിട്ടുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. സ്വീവേജ് വിഭാഗത്തിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും അതോടൊപ്പം കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് സംവിധാനം വളരെ കാലപ്പഴക്കം ചെന്നതാണ്. അതുകൊണ്ടുതന്നെ ചെറിയ പൈപ്പ് ലൈനുകൾ നിലവിലെ ലോഡ് താങ്ങുന്നതിന് അപര്യാപ്തമായിരിക്കുന്നു. ഇഷ്ടിക കൊണ്ട് നിർമ്മിച്ച പഴയ മാൻഹോളുകൾ പൊട്ടിപ്പൊളിഞ്ഞ് നശിച്ച സ്ഥിതിയിലാണ്. ജനവാസത്തിന്റെ വർദ്ധനവിന് ആനുപാതികമായി സ്വീവേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി പദ്ധതികൾ തയ്യാറാക്കി വരികയാണ്. കൂട്ടാൻവിള പ്രദേശത്തെ പ്രവൃത്തികൾക്ക് 1980-ൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പിന്നീട് ഭരണാനുമതി ചില സാങ്കേതിക കാരണങ്ങളാൽ റദ്ദാക്കി. 498 മീറ്റർ നീളത്തിൽ ജഗതി ജംഗ്ഷൻ മുതൽ കിള്ളിയാറിന്റെ തീരം വരെ സ്ഥലമെടുപ്പ് ആവശ്യമില്ലാത്ത ഭാഗത്ത് സ്വീവേജ് ലൈൻ സ്ഥാപിക്കുന്നതിന് 1.34 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഇതനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി വരികയാണ്. കൂട്ടാൻവിള, മരുതുംകുഴി, ജഗതി ഭാഗങ്ങളിലെ സ്വീവേജ് സംവിധാനം കമ്മീഷൻ ചെയ്യുന്നതിന് 56 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. മുഴുവൻ സ്ഥലത്തും സ്ഥലമെടുപ്പ് നടത്താത്തതിനാൽ ലാന്റ് അക്വയർ ചെയ്ത സ്ഥലത്തും അക്വയർ ചെയ്യാത്ത സ്ഥലത്തും പ്രത്യേകമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ജൻറം

പദ്ധതിപ്രകാരം 1200 കേടായ മാൻഹോളുകൾ കോൺക്രീറ്റ് ചെയ്ത് പുതുക്കി പണിയുന്നതിനും പമ്പ് ഹൗസുകളുടെ നവീകരണ പ്രവർത്തികളുടെയും എസ്റ്റിമേറ്റ് പരിശോധനയിലാണ്. കൂടാതെ മുട്ടത്തറയിലുള്ള സ്വീവേജ് പ്ലാനിന്റെ പ്രവർത്തികൾ ജൻറം പദ്ധതിയിൻകീഴിൽ പൂർത്തിയായി വരുന്നു. അനധികൃതമായി സ്വീവേജ് കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യം വിശദമായി അന്വേഷിക്കാനും കുറ്റക്കാർക്കെതിരെ കർശന നടപടി എടുക്കുന്നതിനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തുപുരം നഗരത്തിലെ സ്വീവേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് എത്രയുംവേഗം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ ഉന്നയിച്ച ആക്ഷേപം പ്രത്യേകമായി പരിശോധിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

**കേരളത്തിന് ലഭിക്കേണ്ട ജലം നിഷേധിക്കുന്നതുസംബന്ധിച്ച്**

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഇവിടെ സബ്മിഷനായി ഉന്നയിക്കുന്നത്. പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണം. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇടപെടൽ ഫലപ്രദമായ രൂപത്തിൽ നടപ്പിലാക്കാത്തതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ 31000 ഏക്കർ നെൽകൃഷി നശിക്കുന്നു എന്നുള്ള റിപ്പോർട്ട് ഇന്നത്തെ മാതൃഭൂമി പത്രത്തിൽ വന്നിട്ടുണ്ട്.. 7.25 ടി.എം.സി ജലമാണ് കേരളത്തിന് ലഭിക്കേണ്ടത്. ഇപ്പോൾ 2.629 ടി.എം.സി. ജലമാണ് ലഭിച്ചത്. 4.621 ടി.എം.സി. ജലം ലഭിക്കാനുണ്ട്. കേരളം ഈ ജനുവരി 31 വരെ ആവശ്യപ്പെട്ടത് 1.75 ടി.എം.സി. ജലമാണ്. പക്ഷേ തമിഴ്നാട് ജലം നൽകാൻ തയ്യാറാകുന്നില്ല. ജലം ലഭിക്കാതെ നെൽകൃഷി ഉണങ്ങുകയാണ്. പറമ്പിക്കുളം ഡാമിൽ 5.5 ടി. എം.സി. ജലം ഇപ്പോൾ നിലവിലുണ്ട്. പറമ്പിക്കുളത്ത് നേരിട്ട് പോയി മനസ്സിലാക്കിയ കാര്യമാണ്. ഒരു സെക്കന്റിൽ 1100 ഘന അടി വെള്ളം പറമ്പിക്കുളത്തുനിന്ന് സർക്കാർപതിയിലേക്ക് ഒഴുകുന്നുണ്ട്. സർക്കാർപതിയിൽനിന്ന് അളിയാറിലേക്ക് വെള്ളമിറക്കേണ്ടതിനുപകരം നേരെ കോണ്ടൂർ കനാൽ വഴി തിരുമൂർത്തിഡാമിലേക്ക് വെള്ളം എത്തിച്ച് തമിഴ്നാട്ടിൽ ജലസേചനം നടത്തുകയാണ്. പാലക്കാടിന് അർഹതപ്പെട്ട

വെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. കഴിഞ്ഞ ആറു വർഷക്കാലം പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ഇങ്ങനെയൊരു പ്രശ്നമേ ഉണ്ടായിരുന്നില്ല. എന്നാൽ, ഇപ്പോൾ രൂക്ഷമായ പ്രതിസന്ധിയെത്തുടർന്ന് ആയിരക്കണെക്കിന് ഏക്കർ നെൽക്കൃഷി നശിച്ചുപോകുന്നതിനെതിരെ ഈ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോടും നിരവധി തവണ ടെലിഫോണിലൂടെ ബന്ധപ്പെട്ടിട്ടും ഇതിന്മേൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അളിയാറിനുതാഴെയുള്ള അഞ്ച് ചെക്ക്ഡാമുകളിലേക്ക് വെള്ളം കിട്ടിയാൽ മതി. പക്ഷേ, അങ്ങനെകൊടുക്കാൻ തമിഴ്നാട് തയ്യാറല്ല. കേരളത്തിൽ വെള്ളം ആവശ്യപ്പെട്ടുകൊണ്ട് കർഷകർ ശക്തമായി രംഗത്തുവന്നപ്പോൾ കേരളത്തിന് വെള്ളം കൊടുക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട്ടിലെ കർഷകർ അളിയാറിൽ സമരം നടത്തുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ ഇടപെടണം; തമിഴ്നാട് ഗവൺമെന്റിനോട് ഈ വിഷയത്തിൽ ഇടപെടാൻ ആവശ്യപ്പെടുകയും കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭ്യമാക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുകയും വേണം. നെന്മാറ മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകൾ ഉൾപ്പെടെ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലും നിരവധി പഞ്ചായത്തുകളിലും രൂക്ഷമായ വരൾച്ച വരാൻ സാധ്യതയുണ്ട്. 25000 ഏക്കർ നെൽക്കൃഷിയാണ് അവിടെ ഉണങ്ങാൻ പോകുന്നത്. അതി

നെതിരായി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശക്തമായിട്ടുള്ള നടപടി ഉണ്ടാകണം. കേരളത്തിന് വെള്ളം അളന്നുനൽകുന്ന മണക്കടവ് വിയറി നുതാഴെ മൂലത്തറ ഡാമിനിടയിൽ തമിഴ്നാട്ടിലെ കൃഷിക്കാർ നൂറുകണ ക്കിന് പമ്പ് ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുകയാണ്. ഇതിനെതിരായി ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇതുമായി ബന്ധ പ്പെട്ട് തമിഴ്നാട് ഹൈക്കോടതിയിൽ ഒരുകേസുണ്ട്. ആ കേസിൽ ഗവൺമെന്റ് വെള്ളം എടുക്കണ്ടായെന്ന് പറയുന്നില്ല. പക്ഷേ, അങ്ങനെ എടുക്കുന്ന വെള്ളത്തിന് ബദൽ വെള്ളം കേരളത്തിന് അനുവദിച്ച് കിട്ടുന്നതിനാവശ്യമായ നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കേരളത്തിന്റെ കാര്യത്തിൽ മുല്ലപ്പെരിയാറിന്റെ പ്രശ്നം നമുക്കറിയാവുന്ന താണ്. ബഹുമാന്യനായ മന്ത്രിയൊരു നിലപാടെടുത്തതാണ്. ഈ നില യിൽ കേരളത്തിന്റെ കാർഷിക മേഖലയിൽ പാലക്കാട് ജില്ലയിൽ ആയിര ക്കണക്കിന് ഏക്കർ നെൽക്കൃഷി നശിക്കുന്നതിനോടൊപ്പംതന്നെ രൂക്ഷ മായ കുടിവെള്ള ക്ഷാമവുമുണ്ടാകാൻ പോവുകയാണ്. സർക്കാർ വളരെ സജീവമായി ഇക്കാര്യത്തിൽ ഇടപെടണം. ഇത് പാലക്കാട് ജില്ലയുടെ മാത്രം പ്രശ്നമല്ല, കേരള സംസ്ഥാനത്തിന്റെ പ്രശ്നമാണ്. ഇതിനാവശ്യമാ യിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യ പ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം ഒരു ജലവർഷത്തിൽ, ജൂലൈ 1 മുതൽ ജൂൺ 30 വരെ 7250 ദശലക്ഷം ഘന അടി ജലമാണ് ചിറ്റൂർപ്പുഴ പദ്ധതിയിലെ ജലസേചനത്തിന് കേരളത്തിന് ലഭിക്കേണ്ടത്. പറമ്പിക്കുളം-അളിയാർ പദ്ധതിയുടെ കേരളത്തിന്റെയും തമിഴ്നാടിന്റെയും ഉദ്യോഗസ്ഥർ അംഗങ്ങളായ സംയുക്ത ജലക്രമീകരണ ബോർഡ് അംഗീകരിക്കുന്ന .ഫോർട്ട്നൈറ്റ്ലി പാറ്റേൺ അനുസരിച്ചാണ് ഈ ജലം നൽകി വരുന്നത്. 16-10-2012-ൽ കൂടിയ ജെ.ഡബ്ല്യു.ആർ ബോർഡ് യോഗത്തിൽ സ്വീകരിച്ച പാറ്റേൺ അനുസരിച്ചുള്ള ജലം 2012 ഡിസംബർ 15 വരെയുള്ള കാലയളവിലേക്ക് തമിഴ്നാട് നൽകിക്കൊണ്ടിരിക്കുന്നുണ്ട്. 2012 ഡിസംബർ 16 മുതൽ 2013 ജനുവരി 31 വരെയുള്ള കാലയളവിലേക്ക് കേരളത്തിന് ഇപ്പോൾ വേണ്ട ജലം തുലാവർഷത്തിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് പിന്നീട് തീരുമാനിക്കാമെന്നായിരുന്നു 16-11-2012-ലെ യോഗത്തിലെ ധാരണ. എന്നാൽ തുലാവർഷം തികച്ചും പരാജയമായ സാഹചര്യത്തിൽ 2012 ഡിസംബർ 16 മുതൽ 2013 ജനുവരി 31 വരെയുള്ള കാലയളവിൽ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട 1750 ദശലക്ഷം ഘനഅടി ജലം നൽകുവാനാണ് തമിഴ്നാടിനോട് ആവശ്യപ്പെട്ടത്. കേരളത്തിന്റെ മേൽപ്പറഞ്ഞ ആവശ്യത്തിന് തമിഴ്നാട് ഔദ്യോഗികമായി

മറുപടി നൽകിയിട്ടില്ലെങ്കിലും പദ്ധതിപ്രദേശത്തെ കേരള ഉദ്യോഗസ്ഥർ തമിഴ്നാട് ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഈ കാലയള വിൽ പരമാവധി 750 ദശലക്ഷം ഘന അടി ജലം മാത്രമേ കേരളത്തിന് നൽകാൻ കഴിയൂവെന്ന് തമിഴ്നാട് ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി. നിലവിൽ ഡാമുകളുടെ ജലസംഭരണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ കുറവാണെന്നും തുലാവർഷം തികഞ്ഞ പരാജയമാണെന്നതുമാണ് ഇതിന് കാരണമായി അവർ ചൂണ്ടിക്കാണിച്ചത്. പറമ്പിക്കുളത്തുനിന്ന് അളിയാറിലേക്ക് ഒഴുകിയെത്തേണ്ട ജലം ഗതി തിരിച്ചുവിട്ടാണ് വെള്ളമി ല്ലെന്ന വാദം തമിഴ്നാട് ഉന്നയിക്കുന്നതെന്ന് പറയുന്നത് ശരിയല്ല, കരാർ പ്രകാരം തമിഴ്നാടിന് ഉപയോഗിക്കാവുന്ന ജലം കോണ്ടൂർ കനാൽ വഴി കൊണ്ടുപോകുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. കോണ്ടൂർ കനാലിന്റെ ഔട്ട്ലെറ്റുകൾ തുറന്ന് അളിയാറിലേക്കും അവിടെ നിന്ന് ചിറ്റൂർ പുഴയി ലേയ്ക്കും വെള്ളം കൊണ്ടുവരാൻ കഴിയുന്നതാണെന്നത് ഈ സാഹചര്യ ത്തിൽ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. നിലവിലെ ജലസംഭരണനില ഉപയോഗിച്ചുതന്നെ 2012 ഡിസംബർ 16 മുതൽ 2013 ജനുവരി 31 വരെ കേരളത്തിന് അർഹതപ്പെട്ട ജലം നൽകുവാൻ തമിഴ്നാടിന് സാധിക്കുന്ന താണ്. ഈ സാഹചര്യത്തിൽ കേരളത്തിനാവശ്യപ്പെട്ട 1750 ദശലക്ഷം ഘനഅടി ജലം ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ തമി ഴ്നാട് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തമിഴ് നാട്ടിലെ ബന്ധപ്പെട്ട മന്ത്രിക്ക് അടിയന്തരമായി ഒരു കത്ത് അയച്ചിട്ടുണ്ട്.

കേരളത്തിന്റെ നെൽവയലുകൾ ഉണങ്ങുന്ന സാഹചര്യത്തിൽ തമിഴ്നാട് ആവശ്യമായ ജലം നൽകണമെന്ന് വീണ്ടും ആവശ്യപ്പെടുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടേണ്ട വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണിത്. കരാർ പ്രകാരമുള്ള വെള്ളം ലഭിക്കുന്നില്ലെങ്കിൽ, കരാർ ലംഘിക്കാൻ അവർക്കെന്ത് അവ കാശമാണുള്ളത്. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട വെള്ളം കിട്ടു ന്നതിനും പാലക്കാട് കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മുഖ്യമന്ത്രിതന്നെ അടിയന്തരമായി ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ പ്രശ്നത്തിന്റെ രൂക്ഷത നല്ല തുപോലെ മനസ്സിലാക്കുന്നുണ്ട്. പാലക്കാട് നെൽപ്പാടങ്ങളെ രക്ഷി ക്കാനായി പറമ്പിക്കുളം-അളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് ലഭി ക്കേണ്ട വെള്ളം കിട്ടിയേ മതിയാവൂ. അതിനുവേണ്ടി ഗവൺമെന്റ് ആവശ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് കത്തയച്ചു. വളരെ നേരത്തെതന്നെ ഈ ആവശ്യം തമി ഴ്നാടിനോട് കേരളം ഉന്നയിച്ചിട്ടുണ്ട്. അതിന് തടസ്സം വരുന്നുവെന്ന് കണ്ട പ്പോഴാണ് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇടപെട്ടത്. ഇനി മുഖ്യമന്ത്രിയെ ന്നുള്ള നിലയിൽ നേരിട്ട് ഇടപെടുമെന്ന കാര്യം വ്യക്തമാക്കുകയാണ്.

## വിദ്യാഭ്യാസ വായ്പാ കുടിശ്ശിക

ശ്രീ. സി. എഫ്. തോമസ്: സർ, വിദ്യാഭ്യാസ വായ്പയെടുക്കുന്നവരുടെ പ്രശ്നങ്ങൾ വളരെ ഗുരുതരമായി തുടരുകയാണ്. വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികളുടെ കുടുംബങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് സബ്സിഡി കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ പോലും റവന്യൂ റിക്കവറി നടപടികൾ ഇപ്പോഴും തുടരുകയാണ്. പല കുടുംബങ്ങളും ജപ്തി നടപടികൾക്ക് വിധേയരാകുന്നതുകൊണ്ട് അവർ വലിയ വിഷമത്തിലാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ജപ്തി നടപടികൾ നിർത്തിവയ്ക്കാനുള്ള നിർദ്ദേശം കൊടുക്കണം. രണ്ടാമതായി കേന്ദ്ര മന്ത്രി പാർലമെന്റിൽ പറഞ്ഞ കാര്യങ്ങളിൽ കുറേ ചെയിഞ്ച് വരുത്തിയിട്ടുണ്ട്. എന്നാൽപോലും വായ്പ കിട്ടാനുള്ള പ്രയാസം തുടരുമ്പോൾതന്നെ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ കിട്ടിയെന്നുള്ള കാരണത്താൽ വിദ്യാർത്ഥികൾക്ക് വായ്പ നിഷേധിക്കുന്ന സ്ഥിതിവിശേഷം ഇപ്പോഴും തുടരുകയാണ്. വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് പലിശ സബ്സിഡി കൊടുക്കുവാനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് തുടങ്ങിയിട്ടുണ്ട്. ഒരുവശത്ത് ജപ്തി നടപടികൾ തുടരുമ്പോൾത്തന്നെ മറുവശത്ത് വായ്പ കിട്ടാനുള്ള പ്രയാസവും തുടരുന്ന സാഹചര്യത്തിൽ ഈ രണ്ടുകാര്യത്തിലും ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

(ശ്രീ. കെ. സി. ജോസഫ്)

ഗ്രാമവികസനവും ആസൂത്രണവും സാംസാക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഈ സഭയിൽ പലവട്ടം ചർച്ച ചെയ്തൊരു വിഷയമാണിത്. 2009 മാർച്ച് 31-ന് ശേഷ മുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. ആ സാഹചര്യത്തിലാണ് 2004 ഏപ്രിൽ 1 മുതൽ 2009 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ ബി.പി.എൽ.വിഭാഗ ത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പലിശ സബ്സിഡി കൊടുക്കാൻ 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുക യുണ്ടായി. ഈ തീരുമാനമുണ്ടായ സാഹചര്യത്തിൽ 10-04-2012-ലെ ഉത്തരവിലൂടെ 6 മാസക്കാലത്തേക്ക് എല്ലാ റവന്യൂ റിക്കവറി നടപടികളും നിർത്തിവച്ചു. ബഹുമാന്യനായ സി. എഫ്. തോമസ് വീണ്ടും ഈ വിഷയം ഇവിടെ ഉന്നയിച്ച സാഹചര്യത്തിൽ ഈ റവന്യൂ റിക്കവറി പ്രാബല്യത്തിൽ വന്ന 6 മാസത്തിനുശേഷം തുടർന്ന് 6 മാസം കൂടി റിക്ക വറി നടപടികൾ നിർത്തിവയ്ക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിന്റെ ഈ പ്രത്യേക സാഹചര്യം പരിഗണിച്ചുകൊണ്ട് മെരിറ്റ് ക്വാട്ടയിലും മാനേജ്മെന്റ് ക്വാട്ട യിലും പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽക ണമെന്ന കേരളത്തിന്റെ ആവശ്യം എസ്.എൽ.ബി.സി. അംഗീകരിച്ചുകഴി ഞ്ഞിരിക്കുകയാണ്. കേരളത്തിനുപുറത്ത് പ്രവേശനം ലഭിക്കുന്ന വിദ ്യാർത്ഥികൾക്കും ഈ അവകാശം വേണമെന്നതാണ് കേരളത്തിന്റെ നില

പാട്. നേരത്തെ പറഞ്ഞതുപോലെ കോഴ്സ് പാസ്സാകുന്നതുവരെയോ, കോഴ്സ് പൂർത്തിയാക്കി ഒരുവർഷമോ ഏതാണോ ആദ്യം ആ സമയം വരെ പലിശ സബ്സിഡി കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ ഉത്കണ്ഠ ഗവൺമെന്റ് ഗൗരവമായി കണക്കിലെടുക്കുന്നുണ്ട്. തിർച്ചയായും വിദ്യാഭ്യാസ വായ്പ സംബന്ധിച്ചുള്ള പരാതി പരിഹരിക്കാൻ വേണ്ടി 14 ജില്ലകളിലേയും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കാർഷിക സഹകരണ ബാങ്ക് ഭരണസമിതിയിലെ ഭരണം തിരിച്ചേൽപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, തൃശ്ശൂർ ജില്ലയിൽ മാത്രമല്ല, കേരളത്തിൽത്തന്നെയുള്ള ഏറ്റവും വലിയ കാർഷിക ബാങ്കുകളിലൊന്നാണ് അഡാട്ട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്. ഈ ബാങ്ക് തൃശ്ശൂർ ജില്ലയിലെ നെൽക്കർഷകരുടെ മൊത്തം അരിയും ഒരു ഘട്ടത്തിൽ സംഭരിച്ചിരുന്ന ബാങ്കാണ്. ആ ബാങ്ക് തികച്ചും അന്യായമായി, അകാരണമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പിരിച്ചുവിട്ടു. കഴിഞ്ഞ 25 കൊല്ലമായി എൽ. ഡി. എഫ്.-ന്റെ നേതൃത്വത്തിലുള്ള ഒരു ഭരണസമിതിയായിരുന്നു അവിടെ ഭരിച്ചുകൊണ്ടിരുന്നത്. ആ ബാങ്കിനെ പിരിച്ചുവിട്ടു. ഇപ്പോൾ അതിനെതിരായി ഭരണസമിതി ഹൈക്കോടതിയിൽ പോകുകയും 3-12-2012-ന് ഹൈക്കോടതിയിൽ ജോയിന്റ് രജിസ്ട്രാറുടെ തീരുമാനം സ്ക്വാഷ് ചെയ്യുകയും ചെയ്തു. അങ്ങനെ ആ തീരുമാനം റദ്ദാക്കി. അതനുസരിച്ച് 4-ാം തീയതി പുതിയ ഭരണസമിതി അവിടെച്ചെന്ന് അധികാരമേറ്റെടുത്തു. പക്ഷേ അഡ്മിനിസ്ട്രേറ്ററുടെ നേതൃത്വത്തിൽ അഞ്ചോ ആറോ ഉദ്യോഗസ്ഥന്മാർ അവിടെ തമ്പടിച്ചിരുന്ന് പോലീസിന്റെ സഹായത്തോടുകൂടി ഈ ഭരണസമിതിയെ അവിടെ ഭരിക്കാൻ സമ്മതിക്കാതെ തടയുകയാണ്. മാത്രവുമല്ല, ഈ ജോയിന്റ് രജിസ്ട്രാർ പോലീസിന് കൊടുത്ത ഒരു കത്തിൽ, ഞങ്ങൾ രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ ഹൈക്കോടതിയിൽ പോകുകയാണ്. ഹൈക്കോടതിയിൽ പോയി ഞങ്ങൾ ഇതിനെതി

രായിട്ട് സ്റ്റേ കിട്ടാൻവേണ്ടി ശ്രമിക്കുമെന്നൊക്കെയാണ് പറഞ്ഞിരിക്കുന്നത്. ഹൈക്കോടതിയിൽ പോയപ്പോൾ ഹൈക്കോടതി സ്റ്റേ കൊടുത്തില്ല, തൽസ്ഥിതി തുടരാൻ പറഞ്ഞു. ഇപ്പോഴും അവിടെ പോലീസിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് ആ ബാങ്കിനകത്ത് അഡ്മിനിസ്ട്രേറ്ററും അഞ്ചാറ് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരും അകാരണമായി, അന്യായമായി ഈ ഭരണസമിതിയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ വീട് സ്ഥിതിചെയ്യുന്ന സ്ഥലമാണ് ഇത്. ഈ തരത്തിൽ ജനാധിപത്യ സംവിധാനത്തെ കശാപ്പ് ചെയ്യുന്നത് ശരിയല്ല. ഹൈക്കോടതിവിധി പോലും ഞങ്ങൾക്ക് ബാധകമല്ല. ഹൈക്കോടതിയല്ല, ആര് ഭരിച്ചാലും അത് ഞങ്ങൾക്ക് ബാധകമല്ല എന്ന രീതിയിലുള്ള ഒരു സമീപനം ഈ ഗവൺമെന്റ് എടുക്കുന്നത് ശരിയല്ല, ഹൈക്കോടതിവിധി അംഗീകരിക്കണം, ആ ഭരണസമിതിക്ക് ഭരണച്ചുമതല കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം, അവിടെ നിർത്തിയിരിക്കുന്ന പോലീസുകാരെ പിൻവലിക്കണം, അവിടെ ആവശ്യമായ ജനാധിപത്യ സംവിധാനമുണ്ടാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, തൃശ്ശൂർ ജില്ലയിലെ അഡാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ തൃശ്ശൂർ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ നടത്തിയ പരിശോധനയിൽ അതീവ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. സംഘത്തിലെ നെല്ല് വിൽപ്പന, അടയ്ക്ക ലോൺ, മറ്റ് വായ്പ, വായ്പേതര പ്രവർത്തനങ്ങൾ എന്നിവയിലാണ് ക്രമക്കേടുകൾ നടന്നത്. നെല്ല് വിൽപ്പനയിലൂടെ സ്വകാര്യ മില്ലുകാർക്ക് നെല്ല് കൊടുത്തതിന് പലിശ ഒഴിവാക്കി കൊടുത്ത ഇനത്തിൽ മാത്രം 1,57,49,153 രൂപ നഷ്ടമുണ്ടായി. അടയ്ക്കാകീരമൺ വാടകയ്ക്ക് ആവശ്യമായ സ്റ്റാളിന് 90 ലക്ഷം രൂപയുടെ കുറവ് കണ്ടെത്തുകയുണ്ടായി. കൊയ്ത്തുമെതിയന്ത്രം വാങ്ങിയതിലും വായ്പാവിതരണം നടത്തിയതിലും കോടിക്കണക്കിന് രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. ഈ ക്രമക്കേടുകൾ മൂലം സംഘത്തിന് മുപ്പതിലധികം കോടി രൂപയുടെ നഷ്ടം വന്നിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇപ്രകാരം ഗുരുതരമായ ക്രമക്കേടിനും സാമ്പത്തിക നഷ്ടത്തിനും ഈടാക്കിയ ഭരണസമിതി തുടരുന്നത് ബാങ്കിന്റേയും അംഗങ്ങളുടേയും നിലപാടുകാരുടേയും താൽപ്പര്യത്തിന് ഹാനികരമാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് സഹകരണ നിയമം വകുപ്പ് **32 (3)** പ്രകാരം 22-10-2011-ലെ ഉത്തരവിലൂടെ ജോയിന്റ് രജിസ്ട്രാർ ടി ബാങ്ക് ഭരണസമിതിയെ നീക്കം ചെയ്തത്.

തുടർന്ന് 22-10-2011-ൽ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ ചാർജ്ജെടുക്കുകയും ചെയ്തു. അഡ്മിനിസ്ട്രേറ്ററുടെ കാലാവധി 21-04-2013 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. കഴിഞ്ഞ 14 മാസമായി അഡ്മിനിസ്ട്രേറ്റർ ബാങ്കിൽ തുടർന്നുവരികയാണ്. സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ നീക്കം ചെയ്യപ്പെട്ട ഭരണസമിതി അംഗങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിരുന്നു. പ്രസ്തുത റിട്ട് പെറ്റീഷൻ 03-12-2012-ന് പുറപ്പെടുവിച്ച ഉത്തരവിൽ ജോയിന്റ് രജിസ്ട്രാറുടെ 22-12-2011-ലെ ഉത്തരവ് റദ്ദ് ചെയ്യുകയും നീക്കം ചെയ്ത കമ്മിറ്റിയെ തുടരാൻ അനുവദിക്കുകയും ചെയ്തു. 30 കോടിയിൽപ്പരം രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയ ചാർജ്ജ് നിലനിൽക്കുമ്പോൾ ആയതിലേക്ക് കടക്കാതെ ഭരണസമിതിയെ നീക്കം ചെയ്തതിന് നോട്ടീസ് നൽകിയില്ലെന്ന് മാത്രം പരാമർശിച്ചുകൊണ്ട് പുറപ്പെടുവിച്ച പ്രസ്തുത വിധിക്കെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീലുകൾ ഫയൽ ചെയ്യുകയുണ്ടായി. ഈ അപ്പീലുകളിൽ ഡിവിഷൻ ബഞ്ച് 6-12-2012-ൽ പുറപ്പെടുവിച്ച ഇടക്കാല വിധിയിൽ ബാങ്കിന്റെ ഭരണം സംബന്ധിച്ച് 06-12-2012-ൽ നിലവിലുള്ള സ്ഥിതി, സ്റ്റാറ്റസ്കോ രണ്ടാഴ്ചക്കാലത്തേക്കുകൂടി നിലനിർത്തുവാൻ ഉത്തരവായി. അതുപ്രകാരം അഡ്മിനിസ്ട്രേറ്റർ ബാങ്കിന്റെ ഭരണത്തിൽ തുടരുകയാണ്. ക്രമസമാധാനം നിലനിർത്തുന്നതിനുള്ള ജില്ലാ കളക്ടറുടെ നിർദ്ദേശം നിലവിലുള്ളപ്പോൾ അഡ്മിനിസ്ട്രേറ്ററുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന സ്ഥിതിവിശേഷം ഇപ്പോൾ ബാങ്കിലുണ്ട്. യഥാർത്ഥ വസ്തുതകൾ

ഇവയായിരിക്കെ അഡാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ അഡ്മിനിസ്ട്രേറ്റർ ഭരണം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആരോപണങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല. ബഹുമാനപ്പെട്ട ഡിവിഷൻ ബഞ്ചിന്റെ അന്തിമ തീരുമാനമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: ...........

മി. സ്പീക്കർ: ശ്രീ. ബാബു......നോ.....നോ....ബഹുമാനപ്പെട്ട ശ്രീ. ടി. എൻ. പ്രതാപൻ. ബാബു പറഞ്ഞത് കേട്ട് മന്ത്രി മറുപടി പറഞ്ഞു. യെസ്....യെസ്....ഒരു മന്ത്രിയുടെ മറുപടിയെപ്പറ്റി അംഗങ്ങൾ വ്യത്യസ്ത അഭിപ്രായം പറയേണ്ട. അതിൽ ഇപ്പോൾ ചെയറിന് ഒന്നും ചെയ്യാൻ കഴിയില്ല. ശ്രീ. ടി. എൻ. പ്രതാപൻ....ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി....

ശ്രീ. ബാബു എം. പാലിശ്ശേരി: ........

മി. സ്പീക്കർ: യെസ്......യെസ്..... (ശ്രീ. റ്റി. എൻ. പ്രതാപൻ)

Uncorrected / Not for publication

**കമ്മിഷനെ നിയമിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്തെ കടലോര-കായലോര-പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ആശ്വാസം നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്. വളരെ വർഷങ്ങളായി പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് കൊടുക്കാനുള്ള കുടിശ്ശികയുണ്ട്. 1999 കാലഘട്ടങ്ങളിൽ പുനർസംഘടിപ്പിച്ച ക്ഷേമപദ്ധതികളുടെ സംഖ്യയാണ് ഇപ്പോഴും നിൽക്കുന്നത്. അതിന്റെ കണക്ക് കേട്ടാൽ ഞെട്ടിപ്പോകും. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കല്യാണത്തിന് കൊടുക്കുന്ന വിവാഹ ധനസഹായം 1500 രൂപയാണ്, ആശ്രിതരായ ആളുകളുടെ മരണാനന്തര ചെലവിന് കൊടുക്കുന്നത് 600 രൂപയാണ്, താൽക്കാലികമായി അവശതയനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നത് 500 രൂപ മാത്രമാണ്. മത്സ്യത്തൊഴിലാളിയുടെ ശവസംസ്ക്കാരത്തിന് കൊടുക്കുന്നത് 750 രൂപയാണ്. ഈ പരിഷ്കൃത സമൂഹത്തിൽ ഇത്രമാത്രം അവഗണന അനുഭവിക്കപ്പെടുന്ന ഒരു സമൂഹമില്ല. അവർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ നാമമാത്രമാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കണം. നിലവിലുള്ള കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണം. ആദിവാസി സമൂഹം കഴിഞ്ഞാൽ വിദ്യാഭ്യാസപരമായും സാമൂഹ്യമായും സാമ്പത്തികമായും

ഏറ്റവും പിന്നിൽ നിൽക്കുന്ന ഒരു സമൂഹമാണ് മത്സ്യത്തൊഴിലാളി സമൂഹം. ആ സമൂഹത്തിന്റെ ജീവിതസാഹചര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി ഒരു കമ്മിഷനെ നിയമിക്കുകയും ആ കമ്മിഷൻ സമയബന്ധിതമായി നിശ്ചിത കാലയളവിനുള്ളിൽ അതിന്റെ റിപ്പോർട്ട് വാങ്ങുകയും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു ആക്ഷൻ ടേക്കൻ കൊണ്ടുവന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഒപ്പം ഒപ്പത്തിനൊപ്പം ഈ സമൂഹത്തെ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനെ മാത്രമാണ് നേരത്തെ നിയമിച്ചിട്ടുണ്ടായിരുന്നത്. ആ ക്ഷേമനിധി ബോർഡിലെ മറ്റ് അംഗങ്ങളെയും കൂടി അടിയന്തരമായി നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. സെസ് പിരിച്ചുകൊണ്ടാണ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനുള്ള സഹായം നൽകിയിരുന്നത്. വർഷങ്ങളായി ഈ കയറ്റുമതിക്കാർ ഉൾപ്പെടെയുള്ള ആളുകൾ സെസ് നൽകുന്നില്ല. വള്ളങ്ങളുടേയും ബോട്ടുകളുടേയും സെസ് പലപ്പോഴും കിട്ടുന്നില്ല. അതുകൊണ്ട് ക്ഷേമനിധി ബോർഡിലേക്കുവേണ്ടി കിട്ടേണ്ട വൻകിട കച്ചവടക്കാരുടേയും കയറ്റുമതിക്കാരുടേയും സെസ് ഉൾപ്പെടെ പിരിച്ചെടുക്കാൻവേണ്ടി ഐകകണ്ഠ്യേന നിയമസഭ പാസ്സാക്കിയ ഒരു നിയമമുണ്ട്. അതിന്റ പശ്ചാത്തലത്തിൽ അതുകൂടി പിരിച്ചെടുക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ദുർബലരിൽ ദുർബലരായ പാവപ്പെട്ട ഈ മത്സ്യത്തൊഴിലാളി സമൂഹത്തെ മറ്റ് സമൂഹത്തിന്റെ ഒപ്പം

Uncorrected / Not for publication

കൊണ്ടുവരാൻ വേണ്ടിയുള്ള സത്വര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

Uncorrected / Not for publication

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി ഗ്രൂപ്പ് ഇൻഷുറൻസ്, വിവാഹ ധനസഹായം, വാർദ്ധക്യകാല പെൻഷൻ, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം, വിധവാ പെൻഷൻ, ക്രാഫ്റ്റ് ഇൻഷുറൻസ് തുടങ്ങിയ 20 പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ബോർഡിൽ 2,34,779 മത്സ്യത്തൊഴിലാളികളും 74,139 അനുബന്ധ തൊഴിലാളികളും അംഗങ്ങളാണ്. മത്സ്യത്തൊഴിലാളികളും ബോട്ട് ഉടമകളും നൽകുന്ന അംശദായം, കയറ്റുമതിക്കാരിൽ നിന്നും പിരിച്ചെടുക്കുന്ന സെസ്, സർക്കാർ നൽകുന്ന സാമ്പത്തിക സഹായം എന്നിവയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-12-2012-ൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയനുസരിച്ച് നൽകുന്ന ധനസഹായം 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായി ഉയർത്തുകയുണ്ടായി. അതുപോലെ അപകടം മൂലം അവശതയനുഭവിക്കുന്നവർക്കുള്ള ധനസഹായം 1 ലക്ഷത്തിൽ നിന്ന് ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ബോർഡിന്റെ വരുമാന സ്രോതസ്സ് തടസ്സപ്പെട്ട് നിൽക്കുന്നതിനാൽ ക്ഷേമ പദ്ധതി വഴി നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞത് ശരിയായ ഒരു വസ്തുതയാണ്. ബോർഡിന്റെ വരുമാനത്തിന്റെ മുഖ്യ പങ്ക് സെസ് ആണ്. എന്നാൽ ഇത് പിരിച്ചെടുക്കുന്നതിനെതിരെ കയറ്റുമതി

ക്കാർ കോടതിയെ സമീപിച്ച് ആർ. ആർ. നടപടികൾക്ക് സ്റ്റേ നേടിയിരുന്നു. അംശദായ കുടിശ്ശിക കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികളുമായി ഈ സർക്കാർ പലവട്ടം ചർച്ചകൾ നടത്തി ഇതുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിച്ചു. 2011-12-ൽ 470.26 ലക്ഷം രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞു. അതുപോലെ നടപ്പുസാമ്പത്തികവർഷം ഇതുവരെ മാത്രം 270.70 ലക്ഷം രൂപ അംശദായമായി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. സെസ് പിരിച്ചെടുക്കുന്നതിനെതിരെ 2009-ൽ കയറ്റുമതിക്കാർ നൽകിയിരുന്ന കേസ് വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള മറ്റ് നിയമ നടപടികളും സ്വീകരിച്ചുവരികയാണ്. ഇതുവരെ അതിനുള്ള നടപടികൾ എടുത്തിരുന്നില്ല. എന്നാൽ ഈ സർക്കാർ  ഇക്കാര്യം വളരെ ഗൗരവമായി കണ്ട് സത്വരനടപടികൾ സ്വീകരിച്ചുകഴിഞ്ഞു.  ഹൈക്കോടതിയിൽ കേസ് സംബന്ധിച്ചുള്ള വാദം പൂർത്തിയായി, കേസ് വിധി പറയാൻ വേണ്ടി മാറ്റി വച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ അടുത്ത സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിച്ചുനൽകണമെന്ന കാര്യം ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞതുപോലെ സർക്കാർ ഗൗരവമായി പരിഗണിക്കാൻ ബോർഡിന് നിർദ്ദേശം നൽകുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ടിയിരുന്ന ആനുകൂല്യങ്ങളിൽ 77 ലക്ഷം രൂപയുടെ കുടിശ്ശിക ഉണ്ടായിരുന്നു. ഇതുൾപ്പെടെ മുഴുൻ കുടിശ്ശികയും ഈ ഡിസംബർ 31-ന് മുമ്പ് കൊടുത്തുതീർക്കുന്നതാണെന്ന് ഞാൻ അറിയിക്കുകയാണ്. മത്സ്യ

ത്തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പഠിക്കുന്നതിന് മത്സ്യത്തൊഴിലാകളെ സംബന്ധിച്ചിട ത്തോളം വിശദമായ വിവരം ശേഖരിക്കേണ്ടതുണ്ട്. ഇതിനായി സമഗ്രമായ ഒരു വിവരശേഖരണ സർവ്വേ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നടത്താൻ തീരു മാനിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ടുചെയ്യുന്നതിന് ഒരു കമ്മിഷനെ നിയമിക്കണമെന്നുള്ള ആവശ്യം ശ്രീ. റ്റി. എൻ. പ്രതാപൻ ചൂണ്ടിക്കാണിച്ചു. അത് അംഗീകരിച്ചുകൊണ്ട് ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു കമ്മിഷനെ ഗവൺമെന്റ് അടിയന്തരമായി നിയോഗിക്കുന്നതാണ്. ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടന പൂർത്തിയാക്കിയിട്ടുണ്ട്. അതിന്റെ ഉത്തര വായിട്ടുണ്ട്. സെസ് പിരിച്ചെടുക്കുന്ന കാര്യത്തെക്കുറിച്ച് ചൂണ്ടിക്കാണി ച്ചു. ഞാൻ നേരത്തെ പറഞ്ഞു, സെസ് പിരിച്ചെടുക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചിരുന്നില്ല. കയറ്റുമതിക്കാർ കോടതിയിൽ പോയ കേസ് നട പടികൾ പൂർത്തിയാകാതെ അനന്തമായി നീണ്ടുപൊയ്ക്കൊണ്ടിരിക്കുക യായിരുന്നു. അതിനുള്ള നടപടികളും ത്വരിതപ്പെടുത്തിയിട്ടുണ്ട്. അടുത്ത വർഷം മുതൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.